പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 75** 28.10.2019 ൽ മറുപടിയ്ക്ക്

## സ്റ്റാർട്ടപ്പുകൾ

| ചോദ്യം<br>**ശ്രീ. വി.ടി.ബൽറാം** | | മറുപടി<br>**പിണറായി വിജയൻ<br>( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മൂല്യനിർണ്ണയത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മൂല്യനിർണ്ണയത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്റ്റാർട്ടപ്പുകളിലൂടെ ഇതിനകം എത്ര കോടിരൂപയുടെ നിക്ഷേപം കൊണ്ടുവരുവാൻ കഴിഞ്ഞു; നിലവിൽ സ്റ്റാർട്ടപ്പുകൾ ഏതൊക്കെ മേഖലയിലാണ് പ്രവർത്തിക്കുന്നത്; | (ബി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ 130 ദശലക്ഷം ഡോളറിന്റെ നിക്ഷേപം സ്റ്റാർട്ടപ്പുകളിൽ ലഭിച്ചു എന്നാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ സ്റ്റാർട്ടപ്പുകൾ മിക്കവാറും എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽ സ്റ്റാർട്ടപ്പുകളും ഇലക്ട്രോണിക്സ്, വിവര സാങ്കേതിക വിദ്യാധിഷ്ഠിത മേഖലയിലാണുള്ളത്. |
| (സി) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; ഈ വർഷം സെപ്റ്റംബർ 30 വരെ എത്ര ശതമാനം വളർച്ചയാണ് ഈ മേഖലയിൽ രേഖപ്പെടുത്തിയത് എന്ന് വെളിപ്പെടുത്തുമോ? | (സി) | 2018 ൽ സംസ്ഥാനത്ത് 1500 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്നത് 2019 ൽ ഇതുവരെ 2200 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധന 45 ശതമാനത്തിലധികമാണ്. |

Sajun

സെക്ഷൻ ഓഫീസർ